# Weekly Thoughts of November

## Week-2

### The Lost Love(നഷ്ടമാക്കുന്ന സ്നേഹം)



നവംബർ 14 ന് ഭാരതം ശിശുദിനമായി ആഘോഷിക്കുമ്പോഴും, നാം വാർത്താമാധ്യമങ്ങളിൽ കൂടി അറിയുന്നത് മിഠായികൊടുത്തും, ഭക്ഷണപൊതികാണിച്ചും, കുഞ്ഞുങ്ങളെ വേട്ടയാടുന്ന മൃഗതുല്യരായ മനുഷ്യരെപ്പറ്റിയാണ്. ക്രൂരമായ സാഹചര്യങ്ങളിൽ കുഞ്ഞുങ്ങളെ ഉപേക്ഷിക്കുന്ന മാതാപിതാക്കന്മാരുടെ എണ്ണവും ക്രമാതീതമായി വർദ്ധിക്കുന്നു. എന്നാൽ കർത്താവ് ഒരു കുട്ടിയെ കാട്ടി പറയുന്നു “ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈകൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു” എന്ന്.




**എന്താണ്ശിശുക്കളുടെപ്രത്യേകതകൾ?**

നിർമ്മലവും, കളങ്കരഹിതവും, പരിപൂർണ്ണ വിശ്വാസത്തോട് കൂടിയതും. അതേ സമയം തന്നെ പിതാവിനെ ബഹുമാനിക്കുകയും ചെയ്യുന്ന സ്നേഹമാണ് ശിശുവിന്റേത്.

"ഡാഡി .........എന്നെ ഒന്ന് തൊടാമോ" എന്ന് പറഞ്ഞ് ഓടുന്ന കുട്ടി, പിതാവിന്റെ ശക്തമായ കാലടി ശബ്ദം കേൾക്കുമ്പോൾ തന്നെ പിടിച്ചു എന്നു ഭയക്കുന്നുണ്ടെങ്കിലും , പിടിച്ചുയർത്തി മുത്തം തരുന്ന ഡാഡിയുടെ സ്നേഹം ഓർത്ത് ഉള്ളിൽ സന്തോഷിക്കുകയും ചെയ്യുന്നു. 'അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അവകാശം തന്നിട്ടുണ്ട്. അതിനാൽ ഭയത്തോടും, സ്നേഹത്തോടും നമുക്ക് പിതാവിന്റെ അടുക്കൽ ചെല്ലാം. അത് നമ്മുടെ അവകാശമാണ്. അന്ത്യകാലത്ത് ദൈവസഭയിൽ വന്ന അപചയമാണ് ദൈവഭയവും, ദൈവസ്നേഹവും, മനുഷ്യരിൽ ഇല്ലാതായത്. ഈ അപചയമാണ് ദൈവമക്കളുടെ മൂല്യച്യുതിയ്ക്ക്കാരണമായത്.

സ്നേഹം ഹൃദയത്തിൽ നിന്നുണ്ടാകുന്ന വികാരമാണ്. വികാരമായി മാത്രം സ്നേഹം നിലനിൽക്കുന്നതിനാലാണ് കുട്ടികളോട് ചിലർ വൈകൃതമായി പെരുമാറുന്നത്. ദൈവത്തെ സ്നേഹിക്കുന്നവർ മറ്റുള്ളവരേയും സ്നേഹിക്കുന്നവരായിത്തീരും. കൂടാതെ താഴ്മയോടും, വിനയത്തോടും കൂടെ പെരുമാറുകയും ചെയ്യുന്നു. മനുഷ്യർ പാപം ചെയ്ത്

നശിക്കാതിരിപ്പാൻ തന്റെ പുത്രനെ അവൻ യാഗമായി നൽകി. പദവികളെല്ലാം ഉപേക്ഷിച്ച് ഭൂമിയിൽ വന്ന് യാഗമായ സ്നേഹമാണ് യഥാർത്ഥ ദൈവസ്നേഹം. ദൈവസ്നേഹം സകലനന്മകളാലും നമ്മെ നിറയ്ക്കുന്നതാണ്. ദൈവകരത്താൽ വാരിത്തരുന്ന നന്മയുടെ സമ്മാനങ്ങൾ നമ്മുടെ പരിമിതികളെല്ലാം നികത്തുന്നതായിരിക്കും. ദൈവം തരുന്ന സമ്മാനങ്ങൾ പ്രാപിപ്പാൻ അവന്റെ കരം നീട്ടും വരെയും ക്ഷമയോടെ ആയിരിപ്പാൻ ശ്രദ്ധിക്കുക. ഒരു സൂപ്പർമാർക്കറ്റിൽ ക്യാഷ് കൗണ്ടറിനടുത്ത് ഒരു മിഠായി കൂമ്പാരം കുട്ടികൾക്കായി സൂക്ഷിച്ചിരുന്നു. അവിടെ വരുന്ന കുട്ടികളെ ആകർഷിക്കുകയായിരുന്നു അവരുടെ ഉദ്ദേശം. ഒരിക്കൽ സാധനം വാങ്ങുവാൻ വന്ന ഒരു അമ്മയും മകളും കൗണ്ടറിൽ പണംകൊടുത്തു കഴിഞ്ഞപ്പോൾ മാനേജർ കുട്ടിയോട് മിഠായി വാരിയെടുക്കുവാൻ ആവശ്യപ്പെട്ടു. പല ആവർത്തി പറഞ്ഞിട്ടും എടുക്കാഞ്ഞതിനാൽ മാനേജർ തന്നെ വാരിക്കൊടുത്തു. അവളുടെ ഉടുപ്പു നീട്ടി പുഞ്ചിരിയോടെ മിഠായി വാങ്ങിയിട്ട് അവൾ നന്ദിയും പറഞ്ഞു. അവൾ മിഠായി എടുക്കാഞ്ഞതിന്റെ കാരണം അവളുടെ കുഞ്ഞുകരത്തിലെടുത്താൽ വളരെ കുറച്ചേ കിട്ടുകയുള്ളു. എന്നാൽ അങ്കിൾ തന്നാൽ അവൾക്ക് ധാരാളം കിട്ടും എന്നതായിരുന്നു. ഇതുപോലെ നാം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയാൽ സ്വർഗ്ഗത്തിലെ സകല നന്മകളാലും നിറയപ്പെട്ടവരാകും. അവന്പ്രീയമുള്ളവരായിത്തീർന്ന് സ്വർഗ്ഗരാജ്യത്തിനവകാശികളാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ ഞങ്ങളെ പഠിപ്പിച്ച ദൈവമേ ! താഴ്മയുടെ, നിഷ്ക്കളങ്കതയുടെ സ്നേഹം ഞങ്ങളിൽ വളർന്ന് സ്വർഗ്ഗരാജ്യത്തിനവകാശികളാകുവാൻ അങ്ങ് കൃപചെയ്യേണമേ,

ആമേൻ

**Santhamma Varghese**


Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind